<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനെട്ടാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :614</u> <u>04.02. 2020 ൽ മറുപടിക്ക്</u>

## കെ.എസ്.ഇ.ബി. യുടെ കടബാദ്ധ്യത

<u>ചോദ്യം</u>

ശ്രീ.പി.കെ.ബഷീർ

<u>മറുപടി</u>

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം നാളിതുവരെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ന്റെ കടബാധ്യത എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കുമോ; | (എ) 31.03.2019 വരെയുള്ള ആഡിറ്റ് പൂർത്തിയായ കണക്കുകൾപ്രകാരം വൈദ്യുതി ബോർഡിന്റെ കടബാധ്യത 7889 കോടിരൂപയാണ്. |
| (ബി) നിലവിൽ എത്ര കോടി രൂപ കെ.എസ്.ഇ.ബി ലിമിറ്റഡിന് വൈദ്യുതി കുടിശ്ശിക ഇനത്തിൽ ലഭിക്കുവാൻ ഉണ്ടെന്നും, അതിൽ ഏറ്റവും കൂടുതൽ തുകയുടെ വീഴ്ചവരുത്തിയവർ ആരെല്ലാമാണെന്നും വെളിപ്പെടുത്തുമോ; | (ബി) കേരള വൈദ്യുതി ബോർഡിനു 31.12.2019 വരെ കുടിശ്ശികയിനത്തിൽ 1548.5 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. ഇതിൽ കേരള വാട്ടർ അതോറിറ്റിയാണ് ഏറ്റവും കൂടുതൽ കുടിശ്ശിക (273.63 കോടി രൂപ) വരുത്തിയിട്ടുള്ളത്. കുടിശ്ശികയെപ്പറ്റിയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><u>കോടി രൂപ</u><br>1. സംസ്ഥാന സർക്കാർ വകുപ്പുകൾ - 93.80<br>2. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ - 407.57<br>3. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ - 4.77<br>4. കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ - 6.40<br>5. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ - 59.77<br>6. സ്വകാര്യസ്ഥാപനങ്ങൾ - 963.30<br>7. ലൈസൻസി - 12.88 |
| (സി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിനായി നാളിതുവരെ സ്വീകരിച്ചനടപടികൾ എന്തെല്ലാമാണെന്നും ഇതിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (സി) സപ്ലൈ കോഡ് 2014 ൽ പരാമർശിച്ചിട്ടുള്ള സമയ പരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചു മാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. |

| | |
|---|---|
| | ഇതിൽ നിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി ശുപാർശ നല്കുകയും ചെയ്യുന്നുണ്ട്. കാലാകാലങ്ങളിൽ KSERC യുടെ അനുമതിയോടു കൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചു ഉപഭോക്താക്കളിൽ നിന്നും KSEBL കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു.<br><br>ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനു ശേഷം 2016 ൽ ഒരു പ്രാവശ്യം ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയതിനു പുറമെ 2018 ലും, 2019 ലും പലിശയിനത്തിൽ ഇളവുകൾ നൽകി ബോർഡ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കും കൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ട്. കോടതിയിൽ വ്യവഹാരത്തിലുള്ള കുടിശ്ശികകളും മറ്റുതരത്തിൽ തർക്കത്തിൽ കിടക്കുന്ന കുടിശ്ശികകളും തീർപ്പാക്കുവാനായി വ്യക്തമായ മാർഗരേഖകൾ ഉൾകൊള്ളിച്ചു കൊണ്ടുള്ള ഉത്തരവും ബോർഡ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി സർക്കാർ തലത്തിൽ കൂടിയാലോചനകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ 30.09.2018 വരെയുള്ള വൈദ്യുതി കുടിശ്ശിക തുക 1326.69 കോടി രൂപ ഗവൺമെന്റിന്റെ ബഡ്ജറ്റ് പ്രൊവിഷനിൽ ഉൾപ്പെടുത്തി 2019-20 സാമ്പത്തിക വർഷം മുതൽ നാലു തവണകളായി കെ.എസ്.ഇ.ബി എൽ ന് നൽകുവാൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. അതുപോലെ തന്നെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വെള്ളക്കര കുടിശ്ശിക ഈടാക്കി വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജിനത്തിൽ 140.62 കോടി രൂപ വൈദ്യുതി ബോർഡിന് ലഭിച്ചിട്ടുണ്ട്. 30.06.2018 വരെയുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ആശുപത്രികളുടെ വൈദ്യുതി കുടിശ്ശികയിനത്തിൽ എൽ.എസ്.ജി.ഡി മുഖാന്തിരം 5.65 കോടി രൂപയും പിരിഞ്ഞു കിട്ടിയിട്ടുണ്ട്. |
| (ഡി) കോടിക്കണക്കിന് രൂപ വൈദ്യുതി ചാർജ്ജിനത്തിൽ നൽകാനുള്ള ഇത്തരം സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും | (ഡി)ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന് കുടിശ്ശിക കാരണമാകുന്നില്ല. മറിച്ച് വൈദ്യുതി റഗുലേറ്ററി കമ്മിഷന്റെ ഉത്തരവ് പ്രകാരം ഓരോവർഷവും ചെലവിന് ആനുപാതികമായി |

| | |
|---|---|
| കുടിശ്ശിക പിരിച്ചെടുക്കാതെ കെ.എസ്.ഇ.ബി. യുടെ കടബാധ്യത വൈദ്യുതി നിരക്ക് വർധനവിന്റെ പേരിൽ സാധാരണക്കാരിലേക്ക് അടിച്ചേൽപ്പിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | വരവിനുണ്ടാകുന്ന കുറവിന്റെ ഒരു ഭാഗം മാത്രമാണ് നിരക്ക് വർദ്ധനവിലൂടെ പിരിച്ചെടുക്കുന്നത്.<br><br>കുടിശ്ശിക പിരിച്ചെടുക്കുന്നതും, താരിഫ് പരിഷ്കരണവും തമ്മിൽ ബന്ധമില്ലാത്ത തരത്തിലുള്ള അക്കൗണ്ടിങ്ങ് സമ്പ്രദായമാണ് (Accrual Accounting System) കെ.എസ്.ഇ.ബി ലിമിറ്റഡിൽ അനുവർത്തിച്ചുവരുന്നത്. വൈദ്യുതി നിയമം - 2003, നാഷണൽ താരിഫ് പോളിസി -2016, സംസ്ഥാന റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയചട്ടങ്ങൾ - 2018, എന്നിവയുടെ അടിസ്ഥാനത്തിലാണ്, സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്കിൽ വ്യത്യാസങ്ങൾ വരുത്തുന്നത്.<br><br>സർക്കാർ അക്കൗണ്ടിങ്ങ് സമ്പ്രദായത്തിൽ നിന്ന് വ്യത്യസ്തമായി ബിൽ ചെയ്യപ്പെടുന്ന മുഴുവൻ തുകയും വരുമാനമായി കണക്കിലെടുക്കുന്ന അക്കൗണ്ടിംങ്ങ് സമ്പ്രദായമാണ് കെ.എസ്.ഇ.ബി ലിമിറ്റഡിൽ അനുവർത്തിച്ചുവരുന്നത്. ആയതിനാൽ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക ഒന്നും തന്നെ റവന്യൂ കമ്മിയിൽ പ്രതിഫലിക്കയില്ല.<br>വൈദ്യുതി റഗുലേറ്ററി കമ്മീഷൻ വൈദ്യുതി നിരക്കുകൾ പുതുക്കുമ്പോൾ, വൈദ്യുതി ഉല്പാദന ചെലവുകൾ (Generation & Power Purchase Cost) പ്രവർത്തന പരിപാലന ചെലവുകൾ (Operation & Maintenance Cost)സാമ്പത്തിക, പലിശ ചെലവുകൾ (Interest & Finance Charges)മൂലധന ഓഹരിയുടെ മടക്ക വിഹിതം (Return on Equity)തുടങ്ങിയ മൊത്തം ചെലവുകളും നിലവിലുള്ള മൊത്തം വരുമാനവും തമ്മിലുള്ള അന്തരം കൂടി പരിഗണിച്ചാണ്. |

സെക്ഷൻ ഓഫീസർ